

COCHIN LEGISLATIVE COUNCIL.

Monday, *the* *28th of April 1930.*
16th of Medam 1105.

The House met at Half past One of the Clock (being New Moon day) with the President in the Chair. Messrs. I. E. Ambooken, A. L. Antony, S. S. Koder, T. K. Nayar, K. T. Mathew and Dr. A. R. Menon were absent.

QUESTIONS AND ANSWERS.

Koratti Night School.

305. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—താഴെ ചോദ്യത്തിന്ന സവമ്മെണ്ടു് ദയവായി മറുപടി പറയാമൊ:—

(a) കൊരട്ടി പള്ളിയിലെ വികാരി തന്റെ മാനേജ്മെണ്ടിലുള്ള ഒരു നിശാപാഠശാലയിൽ ഫ വ ക്രിസ്ത്യാനി കുട്ടികൾക്ക അവർ അധഃകൃത കുട്ടികളാണെന്നു് സവമ്മെണ്ടിനെ തെറ്റിധരിപ്പിച്ചു ഗ്രാണ്ടു് വാങ്ങുന്നതായി സവമ്മെണ്ടു് അറിഞ്ഞിട്ടുണ്ടൊ; ഉണ്ടെങ്കിൽ എത്ര കാലമായി ഇങ്ങിനെ നടന്നുവരുന്നുണ്ടെന്നും എന്തു നടപടിയാണു് ഇതിനെപ്പറ്റി നടത്തിയതെന്നും പറയാമൊ

(b) ടി വികാരിയുടെ മാനേജ്മെണ്ടിൽ എത്ര പള്ളിക്കൂടങ്ങൾ ഉണ്ടെന്നും ടി പള്ളിക്കൂടങ്ങളിൽ ഏതിലെങ്കിലും മേൽപറഞ്ഞ ആക്ഷേപങ്ങൾ ഉണ്ടൊ എന്നും ഉണ്ടെങ്കിൽ ഏതെല്ലാം പള്ളിക്കൂടങ്ങളിലാണെന്നും പറയാമൊ?

റാവു സാഹിബ്ബു് മിസ്റ്റർ സി. മത്തായി.—സവമ്മെണ്ടിന്റെ ദൃഷ്ടിയിൽ ഈ സംഗതി പെട്ട ഉടനെതന്നെ ഗ്രാണ്ടു് നിർത്തി അന്വേഷണം നടത്തിയതിൽ, ഈ സ്കൂളിൽ ഫ ഫ ഠ ർ എടവമാസത്തിന്നുശേഷം ചേർന്ന ഫ വ അധഃകൃത ക്രിസ്ത്യാനികൾ, അവർ സ്കൂളിൽ ചേരുന്നതിന്നു മുമ്പുതന്നെ ക്രിസ്ത്യാനികളായെന്നു പറഞ്ഞിട്ടുണ്ടെങ്കിലും ബാപ്ടിസം റജിസ്റ്റർപ്രകാരം അവരുടെ മതപരിവർത്തനം സ്കൂൾ പ്രവേശനത്തിന്നു ശേഷമാണു് നടന്നിട്ടുള്ളതെന്നു അറിയുന്നു.

(b) ഈ വികാരിന്നു പകൽ സ്കൂളുകൾ ർ നിശാപാഠശാലകളും നടത്തുന്നുണ്ടു്. മറ്റു സ്കൂളുകൾ ഒന്നിലും ഈ വിധം ആക്ഷേപം ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഈ ക്രമപേരുടേയും ബാപ്ടിസം സ്കൂളിൽ ചേന്നതിനുശേഷം തന്നെയാണൊ ഉണ്ടായതു്?

റാവുസാഹിബ്ബു് മിസ്റ്റർ സി. മത്തായി.—റിക്കാർഡുകൊണ്ടു കാണുന്നതു പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ:—ക്രമ പേരും അങ്ങിനെതന്നെയാണൊ?

റാവുസാഹിബ്ബു് മിസ്റ്റർ സി. മത്തായി:—റിക്കാർഡുകൊണ്ടു കാണുന്നതു അങ്ങിനെതന്നെയാണു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—സാധാരണ ഒരാൾ ക്രിസ്ത്യാനി ആയാൽ ബാപ്ടിസം എത്ര ദിവസത്തിനകം വേണമെന്നു് വല്ല നിശ്ചയവും ഉണ്ടൊ?

റാവുസാഹിബ്ബു് മിസ്റ്റർ സി. മത്തായി.—ബാപ്ടിസം കഴിഞ്ഞാൽ മാത്രമെ ക്രിസ്ത്യാനി ആവുകയുള്ളു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഈ സംഗതി ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽപെട്ടതെങ്ങിനെയാണു?

റാവുസാഹിബ്ബു് മിസ്റ്റർ സി. മത്തായി.—ആക്ഷേപം ഉണ്ടായിരുന്നു. ഉടനെ ഗ്രാൻറു പിടിച്ചു ഇൻസ്പെക്ടരെ അയച്ചു അന്വേഷിക്കയുണ്ടായി.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഇവർ സ്കൂളിൽ ചേരുന്നതിനു മുമ്പു് ക്രിസ്ത്യാനികൾ ആയിരുന്നില്ലെ?

റാവുസാഹിബ്ബു് മിസ്റ്റർ സി. മത്തായി.—ബാപ്ടിസം റജിസ്റ്റർകൊണ്ടു കാണുന്നതു് അങ്ങിനെ അല്ലെന്നാണു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഇതിൽ എത്രവയസ്സുവരെ പ്രായമുള്ളവരുണ്ടെന്നു പറയാമൊ?

റാവുസാഹിബ്ബു് മിസ്റ്റർ സി. മത്തായി.—അതു നിശ്ചയമില്ല. പക്ഷെ അവർ സ്കൂളിൽ പോകേണ്ട പ്രായമുള്ള കുട്ടികളാണു്. ഫോം ഫൈവ് വയസ്സു കാണുമായിരിക്കാം. അതിൽ കവിഞ്ഞവരും ഉണ്ടാകാം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഇൻസ്പെക്ടരുടെ അന്വേഷണസമയം ആരുടെയെങ്കിലും സ്റ്റേറ്റുമെണ്ടു് വാങ്ങുകയുണ്ടായൊ?

റാവുസാഹിബ്ബു് മിസ്റ്റർ സി. മത്തായി.—അന്വേഷണംകൊണ്ടു് റജിസ്റ്ററിൽ കണ്ടതിങ്ങിനെയാണു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ആക്ഷേപ ഹർജി എപ്പോഴാണു് വന്നതു്.

റാവുസാഹിബ്ബു് മിസ്റ്റർ സി. മത്തായി.—തിയ്യതി പറയാൻ ഇപ്പോൾ നിവർത്തിയില്ല. അറിഞ്ഞ ഉടനെ അന്വേഷണത്തിനു ഇൻസ്പെക്ടരെ അയച്ചു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഹർജിയിൽ പേരുണ്ടായിരുന്നൊ?

റാവുസാഹിബ്ബു് മിസ്റ്റർ സി. മത്തായി.—പേരുണ്ടായിരുന്നു. സ്വന്തം പേരുതന്നെയൊ അല്ലയൊ എന്നറിഞ്ഞുകൂടാ.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ടി സ്കൂളിനു് ഇപ്പോൾ ഗ്രാൻറു ഉണ്ടൊ.

റാവുസാഹിബ്ബു് മിസ്റ്റർ സി. മത്തായി.—ഉവ്വു്. സ്കൂളിൽ ചേരുന്നതിനു മുമ്പു ക്രിസ്ത്യാനിയായിരുന്നാൽമാത്രമെ ഗ്രാൻറുകൊടുക്കാതിരിക്കയുള്ളു.

Depressed Class students who have embraced Christianity.

306. Mr. T. K. Nayar.—Will the Government be pleased to state:—

(1) the number of pupils attending the various schools of the State from the Depressed Classes that have embraced Christianity;

LIBRARY ARCHIVES Kerala Legislative Assembly